## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** | **15.6.2012-ന് മറുപടിക്ക്**

## ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, അൻവർ സാദത്ത്<br>,, ബെന്നി ബെഹനാൻ<br>,, കെ. അച്ചുതൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; | എ) & ബി) വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഉറവിടമാലിന്യസംസ്കരണമാണ്. 2011-12-ൽ 75% സബ്സിഡി നൽകി ഇതിന് പ്രോൽസാഹനം നൽകിയെങ്കിൽ കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90%വരെ സബ്സിഡിയാണ് 2012-13-ൽ സർക്കാർ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്. നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും അവ കുറ്റമറ്റതാക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്ളാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും പൂർണ്ണമായും സാമ്പത്തിക സഹായം നൽകുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു. ഇതിനു പുറമേ ആധുനിക സംസ്കരണ പ്ളാന്റുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, |

കണ്ണൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭി ക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതിൽ 35 ടൺ പ്രതിദിന ശേഷിയുള്ള ആധുനിക സംസ്കരണ പ്ലാന്റ് തിരുവനന്ത പുരത്ത് ഈ വർഷം അവസാനം പ്രവർത്ത നക്ഷമമാകും. എറണാകുളത്തെ പ്ലാന്റിന് ടെന്റർ ക്ഷണിച്ചിട്ടുണ്ട്.

ബി) ഇതിനുള്ള വൻകിട പ്ലാന്റുകൾ എവിടെയൊക്കെയാണ് സ്ഥാപി ക്കാനുദ്ദേശിക്കുന്നത്;

സി) പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ പരി സ്ഥിതി പ്രശ്നം സൃഷ്ടിക്കാത്ത വിധം പുതിയ സാങ്കേതിക വിദ്യ കൾ ഉപയോഗിക്കുന്ന കാര്യം പരി ഗണിക്കുമോ ?

സി) പരിഗണിക്കുന്നതാണ്

സെക്ഷൻ ഓഫീസർ